ഇമ്മാവൂസ്
വചനദൂത്
Vol. IX Issue :2



## കൈത്താക്കാലം ഒന്നാം ഞായർ

*(ലൂക്കാ 14:1–14)*

## ബ്രദർ അരുൺ കുന്നുംപുറത്ത്

"തന്നെത്താൻ ഉയർത്തുവന്നവൻ താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും." (ലൂക്കാ 14:11).

ഒരിക്കൽ നാല് ഭടന്മാർ ഭാരമേറിയ ഒരു തടി അവരുടെ ഉന്തുവണ്ടിയിൽ കയറ്റാൻ ശ്രമിക്കുകയായിരുന്നു. ഭാരം മൂലം അതുരുട്ടി വണ്ടിയിൽ കയറ്റുമ്പോഴേക്കും താഴേക്ക് വീണിരുന്നു. പണിതീരുന്നില്ല എന്ന് കണ്ട് അവരുടെ മേലുദ്യോഗസ്ഥൻ അവരോട് കോപിച്ചു. ഇതുവരെയും നിങ്ങൾ തടികയറ്റിക്കഴിഞ്ഞില്ലേ ആ സമയം അതുവഴി കുതിരപ്പുറത്തുപോയ ഒരാൾ ഇത് ശ്രദ്ധിച്ചു. അയാൾ ആ മേലുദ്യോഗസ്ഥനോട് ചോദിച്ചു, താങ്കൾക്ക് അവരെയൊന്ന് സഹായിച്ചുകൂടെ, എങ്കിൽ ആ തടി എത്രവേഗം വണ്ടിയിൽ കയറ്റിയിടാം. അപ്പോൾ ആ മേലുദ്യോഗസ്ഥൻ ആഗതനോട് പറഞ്ഞു. ഞാനൊരു കോർപ്പറലാണ് ഇത്തരം പണികളൊന്നും മേലുദ്യോഗസ്ഥന്മാർ ചെയ്യാറില്ല. ഇതുകേട്ട് ആ യാത്രക്കാരൻ തന്റെ കുതിരയുടെ പുറത്തുനിന്നിറങ്ങി ആ ഭടന്മാരെ സഹായിച്ചു. തടി വണ്ടിയിൽ കയറ്റിയിട്ട ശേഷം ആ വ്യക്തി കുതിരപ്പുറത്ത് കയറിപ്പോവുകയും ചെയ്തു. ആഴ്ചകൾ കടന്നുപോയി ഒരു ദിവസം അമേരിക്കയുടെ പുതിയ പ്രസിഡന്റ് ജോർജ് വാഷിംഗ്ടണിനെ അനുമോദിക്കുന്ന സമ്മേളനത്തിൽ ഈ കോർപ്പറലും പോകാനിടയായി. സ്വീകരണം ഏറ്റുവാങ്ങി സ്റ്റേജിലേക്ക് കടന്നുവന്ന പ്രസിഡന്റിനെ കണ്ട് കോർപ്പറൽ ഒന്നു ഞെട്ടി. ഒരിക്കൽക്കൂടി അയാൾ സൂക്ഷിച്ചു നോക്കി, അതേ നാളുകൾക്ക് മുമ്പ് ഭടന്മാരെ തടി കയറ്റാൻ സഹായിച്ച അതേ വ്യക്തിതന്നെ പ്രസിഡന്റായി ഇതാ സ്റ്റേജിൽ. കോർപ്പറൽ ലജ്ജിച്ച് തലതാഴ്ത്തി. സമ്മേളനത്തിനുശേഷം പ്രസിഡന്റിനോട് പോയി മാപ്പ് പറഞ്ഞു. ജോർജ് വാഷിംഗ്ടണിന്റെ ജീവിതത്തിൽ നിറഞ്ഞുനിന്ന പുണ്യമായിരുന്നു എളിമ. ഇന്നത്തെ സുവിശേഷം നമ്മോട് പറയുക എളിമ എന്ന പുണ്യത്തിന്റെ മനോഹാരിതയാണ്. ഈശോ നൽകുന്ന എളിമയുടെ പാഠങ്ങൾ വിരുന്നിന്റെ പശ്ചാത്തലത്തിലാണ് തിരുവചനത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

ജറുസലേമിലേക്കുള്ള യാത്രാവേളയിൽ ഒരു യഹൂദപ്രമാണി വിരുന്നിനായി ഈശോയെ വീട്ടിലേക്ക് ക്ഷണിക്കുന്നു. വിരുന്ന് എന്ന് കേൾക്കുമ്പോൾ സാധാരണ ഗതിയിൽ ഒരു അത്താഴമോ സൽക്കാരമോ ആയി നാം കരുതിയേക്കാം. എന്നാൽ തിരുവചനത്തിലെ വിരുന്ന് കേവലം ചെറിയൊരു അത്താഴമല്ലായിരുന്നു. കാരണം മൂന്ന്, നാല് പേരടങ്ങുന്ന ചെറിയൊരു സംഘം ആയിരുന്നില്ല വിരുന്നിനുണ്ടായിരുന്നത്, മറിച്ച് അനേകം യഹൂദപ്രമാണികളും ഇടത്തരക്കാരും ഈശോയും ശിഷ്യന്മാരുമുണ്ടായിരുന്നു. ഏതാനും ചില രോഗികളും അവിടെ വന്നതിനുള്ള അടയാളമാണല്ലോ, ഒരു മഹോദരരോഗിയെ ഈശോ അവിടെ വച്ച് സുഖമാക്കുന്നതായി സുവിശേഷം വ്യക്തമാക്കുന്നത്.

നാമെല്ലാവരും തന്നെ വിരുന്നുകളിൽ പങ്കെടുത്തിട്ടുള്ളവരാണ്. ഒരു വിവാഹവിരുന്നിലെങ്കിലും പങ്കെടുക്കാത്ത

വരായി ഇക്കൂട്ടത്തിൽ ആരും ഉണ്ടാവുകയില്ല. വിവാഹ വിരുന്ന് സജ്ജമാക്കിയിരിക്കുന്ന ഹാളിലേക്കോ, പന്തലി ലേക്കോ നാം കയറുമ്പോൾ തന്നെ ക്ഷണിക്കപ്പെട്ടവർക്ക് ഇരിക്കാനായി കസേരകൾ ഇട്ടിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. എന്നാൽ അതിലുപരി പ്രത്യേകമായി ഡെക്ക റേഷൻ ചെയ്ത് എല്ലാവർക്കും കാണാൻ പറ്റുന്ന രീതിയിൽ വധൂവരന്മാർക്ക് ഇരിപ്പിടങ്ങൾ സജ്ജമാക്കിയിരിക്കും. ഇതു പോലെതന്നെ യഹൂദപാരമ്പര്യമനുസരിച്ച് ഏത് വിരുന്നിന് പോയാലും ക്ഷണിക്കപ്പെട്ടവരുടെ സ്ഥാനങ്ങൾക്കനുസരിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങൾ സജ്ജമാക്കിയിരുന്നു. ഈശോയും ശിഷ്യരും ക്ഷണിക്കപ്പെട്ട ഈ വിരുന്നിനും, ഇതേ രീതിയിൽ തന്നെയായിരുന്നു ഇരിപ്പിടങ്ങൾ ക്രമീക രിച്ചിരുന്നത്. എന്നാൽ പതിവിൽനിന്ന് വിപരീതമായി ചില കാര്യങ്ങൾ സംഭവിച്ചു. ഈശോയോടുകൂടി ആദ്യം വന്ന വർ ഉള്ളതിൽ ഏറ്റവും ഉത്തമമായ ഇരിപ്പിടങ്ങളിൽ കയറി ഇരിപ്പുറപ്പിച്ചു. പിന്നീട് വന്ന യഹൂദപ്രമാണികൾ നോക്കു മ്പോൾ തങ്ങളെക്കാൾ സമൂഹത്തിൽ സ്ഥാനം കുറവുള്ള വർ പ്രധാന കസേരകളിൽ ഇരിക്കുന്നു. തങ്ങളുടെ പദവി ക്കൊത്ത കസേരകൾ ലഭിക്കാത്തതിലുള്ള പിറുപിറുപ്പു കളും ഇരിപ്പിടത്തെ പ്രതിയുള്ള തർക്കങ്ങളും അരങ്ങേറി. ഈ സമയത്താണ് എളിമയുടെ മഹത്തായ പാഠം അവി ടുന്ന് പഠിപ്പിക്കുന്നത്.

നീ ഒരു വിരുന്നിന് ക്ഷണിക്കപ്പെടുമ്പോൾ ബഹുമാനത്തി നായി ആഗ്രഹിച്ച് പ്രമുഖസ്ഥാനങ്ങളിലിരിക്കാതെ അവസാ നത്തെ സ്ഥാനത്തുപോയി ഇരിക്കുക. അപ്പോൾ ആതിഥേ യൻ വന്ന് സ്നേഹിതാ മുന്നോട്ട് കയറിയിരിക്കുക എന്ന പറയും. അപ്പോൾ ക്ഷണിക്കപ്പെട്ട എല്ലാവരുടെയും മുന്നിൽ നിങ്ങൾ ബഹുമാനിതരാകും. അതെ സഹോദരങ്ങളെ, തിരു വചനത്തിലൂടെ ഈശോ ഇന്ന് പറയുന്നതും ഇത് തന്നെ യാണ്. ചെറുതാകാൻ ശീലിക്കുക. വലിയവർക്കെ ചെറു താകാൻ കഴിയൂ. ചെറിയവർ വലിയവരാകാൻ വ്യഗ്രത കാണിച്ചുകൊണ്ടേയിരിക്കും. അതുകൊണ്ടാണ് വി.അഗ സ്റ്റിൻ പറയുന്നത് എളിമയിലൂടെ സ്വയം താഴ്ത്തുന്നതിന നുസരിച്ച് പരിപൂർണ്ണതിൽ നാം അടിക്കടി ഉന്നതി പ്രാപി ക്കുന്നു.

ഇന്നത്തെ ലേഖനഭാഗവും ഇതേ ആശയം തന്നെയാണ് നമ്മുടെ മുന്നിൽ വയ്ക്കുന്നത്. ഞങ്ങൾ അപ്പോളോസിന്റെ പക്ഷത്താണ് എന്നും, ഞങ്ങൾ അപ്പോളോസിന്റെ മറുപ ക്ഷക്കാരാണ് എന്ന് മറ്റുചിലരും, ഞങ്ങൾ കേപ്പായ്ക്കുള്ള വരാണ് എന്നുള്ള വാക്കുകളാൽ ഓരോരുത്തരും, തങ്ങൾക്ക് സുവിശേഷം പകർന്നു തന്നവരാണ് വലിയവൻ എന്നു സ്ഥാപിച്ചെടുക്കാൻ വാദപ്രതിവാദം നടത്തുന്നു കോറിന്തോ സിലെ സഭയെ കർശനമായി വിമർശിച്ചുകൊണ്ട് എളിമ യുടെ പാഠങ്ങൾ പഠിപ്പിക്കുകയാണ് പൗലോസ്. മറ്റുള്ളവ രേക്കാൾ വലിയവരായി കാണാനുള്ള പരക്കം പാച്ചിലാണ് സമൂഹത്തിൽ ഭൂരിഭാഗവും. തന്റെ ഫോട്ടോകൾ എല്ലാവരും കാണണം എന്നാഗ്രഹിക്കുന്ന സാധാരണക്കാരും തന്റെ വാക്കുകൾ സമൂഹം അംഗീകരിക്കണമെന്നു ചിന്തിക്കുന്ന രാഷ്ട്രീയക്കാരും ഉൾപ്പെടുന്ന സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ദിവസവും ഫേസ്ബുക്കിൽ ഇടുന്ന പോസ്റ്റു കൾക്കും ചിത്രങ്ങൾക്കും എത്ര ലൈക്ക് കിട്ടി, എത്ര കമന്റ് കിട്ടി എന്നന്വേഷിച്ച്, അംഗീകാരത്തിനായി, പ്രശംസ പിടി ച്ചുപറ്റാനായി ശ്രമിക്കുന്ന യുവതലമുറയോട് സുവിശേഷ ഭാഗത്തിലൂടെ ഈശോ പറയുന്നു സ്വർഗ്ഗരാജ്യത്തിൽ പ്രശംസ പിടിച്ചു പറ്റാനായി എളിമയുടെ വഴിയെ നീങ്ങു വാൻ പഠിക്കുവിൻ. കവി പാടിയത് എത്രയോ സത്യമാണ്.

*‘‘വഴിയിൽ കിടക്കുന്ന മുള്ളെടുത്തങ്ങോട്ട്*
*വഴിവക്കിലുള്ളൊരു വേലിയിൽ വയ്ക്കുവിൻ*
*വലിയവൻ ചെറിയവനാവുകയില്ലായോ*
*ചെറിയവൻ വലിയവനായിടുമേ.”*

വഴിയിൽ കിടക്കുന്ന മുള്ള് എടുത്ത് വേലിയിൽ വയ്ക്കു ന്നത് വാർത്താപ്രധാന്യമുള്ള കാര്യമല്ലാത്തതിനാൽ ആരും ചെയ്യില്ല. വേലിയിൽ വയ്ക്കാൻ 24 മണിക്കൂർ സമയമൊന്നും വേണ്ട, 5 മിനിറ്റ് മതി. സന്മനസ്സുള്ളവനെ അത് ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വി. കൊച്ചുത്രേസ്യാ പറ യുന്ന കാര്യം വളരെ ശ്രദ്ധേയമാണ്. “വലിയ കാര്യങ്ങൾ ചെയ്യുന്നതിലല്ല വിശുദ്ധി അടങ്ങിയിരിക്കുന്നത്, ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്യുന്നതിലാണ്. ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്യണമെങ്കിൽ ചെറുതാ കാൻ കഴിയണം. ഞാൻ എന്ന വ്യക്തിയുടെ ‘ഞാൻ’ എന്ന ഭാവത്തെ ഇല്ലായ്മ ചെയ്യണം. പ്രഭാ. 10:28-ൽ പറയുന്നു “മകനേ വിനയം കൊണ്ടു മഹത്വമാർജ്ജിക്കുക.” വിനയ മുള്ളവരെ ദൈവമുയർത്തും, വാനോളം ഉയർത്തും. അതിന്റെ എത്രയോ തെളിവുകളാണ് വിശുദ്ധ ജീവിതങ്ങൾ. നമ്മിൽ പലരേയും പോലെ ജീവിച്ച് കടന്നുപോയ വി. അൽഫോൻസാമ്മയും, എവുപ്രാസ്യാമ്മയും, ചാവറയ ച്ചനും, മറിയം ത്രേസ്യായുമുള്ള കൊച്ചുകേരളത്തിലെ വിശു ദ്ധജീവിതങ്ങൾ ഉദാഹരണങ്ങളാണ്. പണ്ട് ആരാലും അറി യപ്പെടാതെ വിശുദ്ധിയുടെ ജീവിതം നയിച്ച അൽഫോൻസ എന്ന കന്യാസ്ത്രീയുടെ കബറിടത്തിലേക്ക് ഇന്ന് പതിനാ യിരങ്ങൾ കടന്നുവരികയാണ്. ആ കബറിടത്തിന് മുന്നിൽ മുട്ടുകുത്താൻ, തൊട്ടനുഗ്രഹം മേടിക്കാൻ, തങ്ങളുടെ ജീവിത പ്രശ്നങ്ങളെ ഇറക്കി വയ്ക്കാൻ, അതെ ലോക ത്തിന് മുൻപിൽ അറിയപ്പെട്ടവരല്ലെങ്കിലും അറിയുന്ന വർക്കെല്ലാം ആലംബമേകാൻ നമുക്ക് കഴിയണം.

പരി. അമ്മയുടെ ജീവിതം ഇതിനുദാഹരണമാണ്. ദൈവ ത്തിന് മുമ്പിൽ, അവിടുത്തെ പദ്ധതിക്കുമുന്നിൽ വിനയപ്പെ ട്ടപ്പോൾ ദൈവം അവളെ ഉയർത്തി ദൈവത്തിന്റെ അമ്മ യാകാൻ പ്രാപ്തയാക്കി. അതുകൊണ്ടാണ് മറിയം പാടിയത് “ശക്തരെ സിംഹാസനത്തിൽനിന്നും മറിച്ചിട്ടു എളിയവരെ ഉയർത്തി” (ലൂക്കാ 1:52). എളിയവരെ ഉയർത്തുന്നവനാണ് ദൈവം. ഞാനോ നീയോ എത്ര ഉയരത്തിലുള്ളവനായിക്കൊ ള്ളട്ടെ അത്രത്തോളം എളിമപ്പെടാനുള്ള മനസ്സുണ്ടാവണം. ഇത് പൂർണ്ണമായും കാണിച്ചുതന്നത് ഈശോ തന്നെയാണ്. ദൈവമായിരിക്കെ കേവലം മനുഷ്യനായി. എല്ലാമുണ്ടായി രിക്കെ പിറക്കാനിടമില്ലാത്തവനെപ്പോലെ പുൽത്തൊട്ടിയിൽ പിറന്നു. കേവലം മരപ്പണിക്കാരനായി അറിയപ്പെട്ടു. അതെ, അവൻ ഇല്ലായ്മയെ പുല്കിയവനായിരുന്നു. അവിടുന്ന് മാമ്മോദീസാ വേളയിൽ സ്നാപകന്റെ മുന്നിൽ തലകുനി ച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ആത്മാവ് പ്രാവിന്റെ രൂപ ത്തിൽ ഇറങ്ങിവന്നു. നാമും എളിമയാൽ തലകുനിക്കു മ്പോൾ സ്വർഗ്ഗം തുറക്കപ്പെടും.അതിനാൽത്തന്നെ എത്ര ത്തോളം വളരുന്നുവോ, അത്രത്തോളം താഴാനായി ശ്രമി ക്കാം. ഫലങ്ങൾ നിറയുന്ന വൃക്ഷം താഴ്ന്ന് വരുന്നതുപോ ലെ, ജലം നിറയുന്ന മേഘങ്ങൾ താഴുന്നതുപോലെ, കതി രുചൂടിയ നെൽച്ചെടി കുനിയുന്നതുപോലെ നമ്മിൽ സ്ഥാന ങ്ങളും പദവിയും കൂടുന്നതനുസരിച്ച് നമുക്കും താഴാൻ കഴിയണം. അപ്പോൾ മറ്റുള്ളവരെ വലുതായി കാണാൻ കഴിയും.

ക്രിസ്തു കണ്ടതുപോലെ ലോകത്തെ കാണാൻ ശ്രമിക്കാം. മുറിയപ്പെടുന്ന വി.കുർബ്ബാനയെപ്പോലെ ചെറുതായി കുർബ്ബാനയുടെ ചൈതന്യം ഉൾക്കൊള്ളാം. ഈ ഫലാഗമ നകാലത്തിൽ ചെറുതാകലിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് ദൈവസന്നിധിയിൽ വലുതാകാം ദൈവം നമ്മെ ആനുഗ്ര ഹിക്കട്ടെ.